**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് -1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 156-ാം വകുപ്പ് 4-ാം ഉപവകുപ്പ് (സി) ഖണ്ഡം പ്രകാരം പഞ്ചായത്ത് പ്രസിഡന്റിന് ചെലവാക്കാവുന്ന കണ്ടിജന്റ് ചെലവുകളുടെ പരിധി വർദ്ധിപ്പിച്ചുക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(എം എസ്) നം. 171/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 26.08 .2017.

==========================================================================

പരാമർശം:- 1. സ.ഉ(എം എസ്)നം.271/2004/തസ്വഭവ തിയതി 04.09.2004

2. പഞ്ചായത്ത് ഡയറക്ടറുടെ 16.03.2017 ലെ ജെ3-1418/2017 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 156-ാം വകുപ്പ് 4-ാം ഉപവകുപ്പ് (സി) ഖണ്ഡപ്രകാരം ചെലവാക്കാവുന്ന കണ്ടിജന്റ് ചെലവുകളുടെ പരിധി പരാമർശം (1) ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് ഒരു പ്രാവശ്യം 5,000 രൂപയും പ്രതിമാസം 10,000 രൂപയുമാക്കി നിജപ്പെടുത്തിയിരുന്നു. നിലവിലുള്ള നിരക്ക് 12 വർഷം ആയ സ്ഥിതിക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ ഒറ്റത്തവണ കണ്ടിജന്റ് ചെലവ് പരിധി പുതുക്കി നിശ്ചയിക്കുന്നത് അഭികാമ്യമായിരിക്കും എന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 156-ാം വകുപ്പ് 4-ാം ഉപവകുപ്പ് (സി) ഖണ്ഡം പ്രകാരം ചെലവാക്കാവുന്ന കണ്ടിജന്റ് ചെലവുകളുടെ പരിധി ഒരു പ്രാവശ്യം 7,500/- രൂപയും മാസപരിധി 15,000/- രൂപയുമായി വർദ്ധിപ്പിച്ചുക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സിനി.ജെ.ഷുക്കൂർ**

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ, ആഡിറ്റ്), തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

(13)